| Life of Vivekananda by E. F. Malcolm Smith. | 0 | 14 | 0 |

### Elementary Mathematics FOR High School Class BY M. N. Manalar, B. A.

| | | | |
|---|---|---|---|
| Pt. I for Form IV 312 pp. | 1 | 0 | 0 |
| Pt. II for Form V 328 pp. | 1 | 0 | 0 |
| Pt. III for Form IV 340 pp. | 1 | 0 | 0 |

**V. Sundara Iyer & Sons. Trichur.**

*Editor [Mal. Section] Joseph Mundassery M. A.*

## പട്ടിൽ പൊതിഞ്ഞ ചുട്ടകൊള്ളി.

കെ. കുഞ്ഞുണ്ണിത്തമ്പാൻ I. U. C.

---

വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ എനിക്കു രാഷ്ട്രീയകാര്യങ്ങളിൽ വലിയ പ്രതിപത്തിയൊന്നുമുണ്ടായിരുന്നില്ല. എന്നാൽ എന്റെ കൂട്ടുകാരൊന്നും അങ്ങിനെയല്ലായിരുന്നു. പരുപരുക്കൻ ഖദറെടുത്തു ഗാന്ധിത്തൊപ്പിയും വച്ചു വിഡ്ഢിത്തം മൂർത്തിമത്തായപോലെ ഇക്കൂട്ടർ കോളേജിലേക്കു വരുന്നതു കാണുമ്പോൾ എനിക്കു അനുകമ്പ തോന്നാറുണ്ട്. ഇവരുടെ ഈ പ്രലോഭനങ്ങൾകൊണ്ടു എന്താണൊരു പ്രയോജനം? ശക്തിയേറിയ പാശ്ചാത്യരാജ്യങ്ങളുടെ വൈയവസായികശക്തിയെ തടിച്ചുടക്കുവാനുള്ള കരുപകരണമാണുപോലും ഈ ഖദർ! ഇതിലുംവലിയ ഭ്രാന്തുണ്ടോ? മിനുസമേറിയ 'പോപ്ലി'നും മഹിമയേറിയ ഫ്ളാനലും കളങ്കമററ ചന്ദ്രനെപ്പോലെ ശോഭിക്കുന്ന മൽമലും ഉപേക്ഷിച്ചു ശുദ്ധ പരുക്കൻതുണി ധരിക്കുന്നതു ഇക്കൂട്ടരുടെ ഭ്രാന്തല്ലാതെ മറെറന്താണ്? ലോകമൊട്ടുക്കുതന്നെ പരിഷ്കാരസൂര്യന്റെ ഉജ്ജ്വലകിരണങ്ങൾ പ്രഭാപൂരത്തെ വിതരണംചെയ്യുന്നു. അതിലൊരംശം മൽമൽരൂപത്തിൽ ഭാരതത്തിലും എത്തി രാജ്യമാസകലം ശോഭായമാനമാക്കുമ്പോൾ നമ്മുടെ കൂട്ടരെന്തു ചെയ്യുന്നു? അന്ധകാരമയമായ ശിലായുഗത്തെ ആരായുന്നു. എത്ര ശോചനീയം! പക്ഷെ ഇക്കൂട്ടരിൽതന്നെ ചില സരസന്മാരുണ്ട്. അവരെ എനിക്കു ബഹുപിടുത്തമാണ്. കോളേജിൽ വായിക്കുന്നിടത്തോളംകാലം രാഷ്ട്രീയനേതാക്കന്മാരുടെ പ്രലോഭനത്തിന്നടിമപ്പെട്ടു നാട്ടുംവീട്ടുംകൂടി ഉപേക്ഷിക്കുവാൻ അവർ സന്നദ്ധരായിരിക്കും. പ്രസംഗധാടിയാൽ സകലയോഗങ്ങളേയും ഇളക്കിമറിക്കും. അത്രതന്നെ പോരാ. നാടിന്റെ നന്മക്കുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തു അകാലവാർദ്ധക്യം പിടിപെടുന്ന രാഷ്ട്രീയനേതാക്കന്മാരെ അനുകരിക്കുന്ന നാട്യത്തിൽ ആവശ്യമില്ലെങ്കിലും കണ്ണടവെക്കും. എന്നാൽ സിഗററൊന്നും ഒഴിച്ചുകൂടാതാനും. പക്ഷെ 'ഡിഗ്രി'യെടുത്തു കോളേജ് വിട്ടുപോയാൽ ഇവരൊക്കെ അസ്സല് മര്യാദക്കാരായി. വേഷമൊക്കെ മാറി. ഫുൾസൂട്ടും ധരിച്ചു മൂക്കിന്നടിയിൽ, മ

ടിയും വളർത്തി വിരലുകളുടെയിടയിൽ സിഗാററും വച്ചു റിക്ഷയിൽകയറി നടക്കുകയായി, ബഹുകേമം. ആളുതന്നെ മാറി.

ഇപ്പോൾ നമ്മുടെ ചില സ്നേഹിതന്മാർ ചോദിക്കുമായിരിക്കാം. ഇങ്ങനെയൊക്കെയാണെങ്കിൽ താനെന്തിനാണു ഖദറുടുക്കുന്നതു എന്നു്. അതോ, പറയാം. എന്നാൽ കുറച്ചുമാത്രം. ഇതു സംസാരമാക്കരുതു്. ഞാൻ കോളേജിൽ വായിക്കുന്നകാലത്തു ബഹു ധാടിയിലാണു കോളേജിലേക്കു പോവുക പതിവു്. ഫുൾസൂട്ടും ധരിച്ചു സിഗാറ്റു കത്തിച്ചു പിടിച്ചു, ഹാററമായി റിക്ഷയിൽകയറി 'ഗമേ' വച്ചുടിക്കും. എനിക്കെന്താ? ഓടുന്നതു റിക്ഷാക്കാരനല്ലേ. 'വിമൻസ്' കോളേജിൻെറ അടുത്തെത്തുമ്പോൾമാത്രം പതുക്കെപോകുവാൻ റിക്ഷക്കാരനെ പറഞ്ഞേല്പിച്ചിട്ടുണ്ടു്. കാമാതികോമളനായ നമ്മുടെ മനോഹരവിഗ്രഹം അവരുടെ കണ്ണുകളിൽ അല്പം കർപ്പൂരസ്സത്തെഴുതിക്കോട്ടെ. എന്നാൽ വാസ്തവമല്ലേ പറയേണ്ടതു്? പ്രേമപൂർണ്ണങ്ങളായ നേത്രങ്ങൾ എൻെറമേൽ പതിഞ്ഞിരുന്നുവോ എന്നു സംശയമാണു്. ചിലർ നെററിചുളിക്കാറുണ്ടു്. വേറെ ചിലർ ചിരിക്കാറുണ്ടു്. ഇതിൻെറയൊക്കെ അർത്ഥം നാമെന്തിനാലോചിക്കണം? നമ്മുടെ സൌന്ദൎയ്യത്തിൽ കണ്ണഞ്ചിയിട്ടായിരിക്കാം.

എന്നാൽ കാൎയ്യം പിന്നീടല്ലേ മനസ്സിലായതു്. 'സ്വദേശി' ഭ്രാന്തു സ്ത്രീകളേയും ക്ഷബാധിച്ചിട്ടുണ്ടു്. അവർ ഉടുത്തണിഞ്ഞുവരാറുള്ളതും ശുദ്ധ പരുക്കനിലാണത്രെ. എനിക്കു നന്ന കഷ്ടംതോന്നി. മൃണാളസദൃശമായ പൂവൽമെയ്യിനെ ഇത്ര കൎക്കശമായ തുണിയിൽ പൊതിയുകയോ? കാലത്തിൻെറ മറിമായംതന്നെ! പക്ഷെ ഞാനാണോ ഇതൊക്കെ കൂട്ടാക്കുന്നവൻ? നമ്മുടെ വിദ്യാൎത്ഥികാലം മുഴുവനുംതന്നെ പരിഷ്കൃതരീതിയിൽ കഴിച്ചുകൂട്ടി.

എൻെറ വീടിൻെറ അടുത്താണു മി: ശങ്കരമേനവൻെറ വീടു്, രമണീയമായ ഒരു ബങ്കളാവു്. അദ്ദേഹം വലിയ സ്വദേശിഭ്രാന്തനാണു്. എവിടെ പൊതുയോഗംകൂടിയാലും ശങ്കരമേനവൻെറ പ്രസംഗമുണ്ടു്. ശബ്ദായമാനമായ ആ പ്രസംഗം "നിങ്ങളെല്ലാവരും ഖദറുടുക്കണം. സ്വാൎത്ഥത്യാഗംചെയ്യണം ജാതികളയണം" ഇങ്ങനെ ഓരോന്നാണു്. ശുദ്ധകൃക്കു്, അല്ലാണ്ടെന്താ?! ആദ്യമൊക്കെ അദ്ദേഹം എന്നോടുപദേശിച്ചു, പിന്നെ വാദിച്ചു, അവസാനം അപേക്ഷിച്ചു. ഞാൻ കൂട്ടാക്കിയില്ല. ഈയിടെയായി കണ്ടാൽ മിണ്ടുന്നകാൎയ്യംതന്നെ സംശയമാണു്. എങ്കിലും എ

നിക്കു അദ്ദേഹത്തിനോടു മിണ്ടാതിരിക്കുന്നതു അത്ര ഇഷ്ടമായ കാൎയ്യമല്ല.

'ശാരദ' 'ശങ്കരവിലാസ'ത്തിലെ മണിവിളക്കാണ്. ശങ്കരമേനവന്റെ ഏകപുത്രിയാണ്. വാത്സല്യഭാജനമാണ്. സകല സ്വത്തുക്കൾക്കും ഏകാവകാശിനിയാണ്. ഈയിടെയായി അവളുടെ മനോഹരവദനം കാണാതിരിക്കുന്നതു എനിക്കും, എന്നെ കാണുന്നതു അവൾക്കും വലിയ സങ്കടമായിരിക്കുന്നു.

ഒരു ദിവസം നമ്മുടെ പതിവനുസരിച്ചു വേഷധാരണാദികളൊക്കെ കഴിച്ചു മി: ശങ്കരമേനവന്റെ വീട്ടിലേക്കു പോയി. അവിടെ ചെന്നപ്പോൾ ശങ്കരമേനവനവിടെയില്ല. ശാരദമാത്രം അവളുടെ ഭംഗിയേറിയ നേത്രങ്ങൾ എന്നെക്കണ്ടപ്പോൾ പരിഹാസസൂചകമായി ചിരിച്ചു തുടങ്ങിയതായി എനിക്കുതോന്നി. എങ്കിലും ആതിത്ഥ്യമൎയ്യാദയെ പുരസ്കരിച്ചു എന്നോടിരിക്കുവാൻ പറഞ്ഞു. നമ്മുടെ അന്തൎഗ്ഗതങ്ങളെ അവളെ ധരിപ്പിക്കുവാനുള്ള അവസരം അതുതന്നെയാണെന്നു എനിക്കു തോന്നി. ഞാൻ പറഞ്ഞു. "ശാരദേ! ഭവതിയോടു ഗുരുതരങ്ങളായ ചില കാൎയ്യങ്ങൾ പറവാനുണ്ട്."

അവൾ ചിരിച്ചു. "നിങ്ങൾക്കു അങ്ങിനേയും ചിലതുണ്ട് ഇല്ലെ?"

"നിശ്ചയമായും"

"ഉണ്ടെങ്കിൽ നിങ്ങളിങ്ങിനെയാണൊ?"

"ഉം — എന്താത്."

"നമുക്കിതിലും കാൎയ്യമായ എന്തൊരു സംഗതിയാണു സംഭവിക്കുവാനുള്ളത്.?"

"എനിക്കു മനസ്സിലാകുന്നില്ല."

"ഭാരതത്തിന്റെ ഇന്നത്തെ സ്ഥിതിയൊന്നാലോചിച്ചു നോക്കു."

"ഭാരതത്തിന്നെന്താണു വിശേഷിച്ചൊന്നു സംഭവിക്കുവാനുള്ളത്. മഹാന്മാരായ ആംഗ്ലേയരാൽ പരിലാളിതമായ ഭാരതത്തിന്നു ഇതില്പരം എന്തൊരു സൌഭാഗ്യമാണു ആശിക്കാവുന്നത്?"

അവൾ പരിഹാസസ്വരത്തിൽ പറഞ്ഞു. "നിങ്ങളുടെ ആശയങ്ങൾ ഗംഭീരം. എനിക്കു കേൾക്കണ്ട. എത്ര ദയനീയമാണു ഭാരതത്തിന്റെ അവസ്ഥ? എത്ര ദരിദ്രനാരായണന്മാരാണു ഇന്നു ഭാരതത്തിൽ?"

അവളുടെ മനോഹരനയനങ്ങളിൽ ഒരശ്രുകണം ഉരുണ്ടുകൂടി. അവളുടെ ഭ്രൂക്കൾ വളഞ്ഞു. കോപസ്വരത്തിൽ തുടന്നു. "നിങ്ങളെപ്പോലു

ള്ള നരാധമന്മാരുടെ ജനനത്താൽ പാവനചരിതയായ ഭാരതഭൂമി അപാരമായി ദുഃഖിക്കുന്നു. നമ്മുടെ നാട്ടിലുണ്ടാകുന്ന പഞ്ഞികൊണ്ടു നമ്മുടെ നാട്ടിലെ സാധുക്കൾ നൂൽ നൂററു നെയ്യുണ്ടാക്കുന്ന വസ്ത്രം — അതെ — പരിപാവനമായ ഖദർ, അവർ തങ്ങളുടെ പരുപരുത്ത തുണിക്കഷണം! പാശ്ചാത്യമോടിയുടെ പരമകാഷ്ഠയായ മാഞ്ചസ്റ്റർ ബാധ അങ്ങെ കഠിനമായി ബാധിച്ചിരിക്കുന്നു. അതിന്റെ സ്വരൂപം കേൾക്കുക.

'സുഹാസിനീ ചന്ദ്രമുഖി,
കാരസ്കരഫലോപമാ
മൽമൽസ്വരൂപിണീ ബാധാ
മാഞ്ചെസ്റ്ററസമുത്ഭവാ.'

ഈ ബാധയാൽ ആക്രാന്തരായ ഭാരതീയസന്താനങ്ങൾ അവരുടെ മാതാവിനെ വിസ്മരിക്കുന്നു. സഹോദരന്മാരോടുള്ള കടമയെ കാക്കുന്നില്ല. സ്വജനങ്ങളെ വെറുക്കുന്നു. അമ്പോ! എന്തൊരു ബാധയാണിതു്!! ജഗദീശ്വരാ! അങ്ങിവരെ രക്ഷിക്കണെ. ഭാരതത്തെ ഉദ്ധരിക്കണേ."

ഞാനിത്രയൊന്നും വിചാരിച്ചിരുന്നില്ല. കാര്യം കുറെ കടന്നുപോകുവാൻ എന്നോടു കൈകൊണ്ടാംഗ്യം കാണിച്ചു. ഞാൻ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. കാര്യമല്ലെ പറയേണ്ടു, എന്റെ ഹൃദയത്തിലും ചില വികാരങ്ങളൊക്കെയുണ്ടായി. ഞാൻ അവളോടു വളരെ താഴ്ന്നസ്വരത്തിൽ ചോദിച്ചു.

"ശാരദേ! അതിനു ഞാനെന്താണു ചെയ്യേണ്ടതു്? ഈ ബാധയിൽ നിന്നൊഴിവാൻ എന്തു ചെയ്യണം? ഭവതി പറയു."

ജയസൂചകമായ ഒരു മന്ദഹാസം അവളുടെ വദനാരവിന്ദത്തെ പ്രഫുല്ലമാക്കി. അവൾ മധുരസ്വരത്തിൽ പറഞ്ഞു. "അങ്ങൊരുത്തമഭാരതീയനാവുക. നിങ്ങളുടെ സഹോദരന്മാരെ സ്നേഹിക്കുക, സഹായിക്കുക ഈ വിദേശീയവസ്ത്രങ്ങളെല്ലാം ഹോമിക്കുക. കളങ്കപങ്കിലമായ അങ്ങയുടെ ശരീരത്തെ പരിശുദ്ധമായ ഖദർ വസ്ത്രത്താൽ മാർജ്ജനം ചെയ്യുക. എന്നാൽ ബാധയൊഴിയും.

"ഗാന്ധി മാന്ത്രികനിർദ്ദിഷ്ടം
ഖദർവസ്ത്രം സുമംഗലം
സ്വദേശീം വാവസേൽ ബാധാ
ദൂരദേശം ഗമിഷ്യതി."

ശേഷം ൪൮-ാം പേജിൽ.

UNIVERSITY LIBRARY MADRAS 4 FEB. 1932

## “വൃഥാപരിഭ്രമം.”

(ജി. ക്ലാസ്സ് IV.)

---

(അന്നനട)

പഠിക്കുന്നകാലം പരമഭാഗ്യമായ്
പലരുമെന്നോടു പറഞ്ഞുകേൾപ്പുഞാൻ.
‘പരചിന്തയില്ല പഠിപ്പുകൂടാതെ
പരംസുഖപ്രദം പഠിക്കുംകാലത്തിൽ’
ഇതിപറയുന്ന മഹാന്മാരായോരു
മതിൽക്കുറച്ചൊക്കെ യഥാർത്ഥമുണ്ടാകാം.
അനുഭവങ്ങളിൽ ചിലതു നോക്കുമ്പോ
ളതിവിപരീത മെനിക്കുതോന്നുന്നു
ഗുണദോഷമിശ്ര മുലകിൽ സർവ്വവും
ഗണിക്കവെയ്യൊന്നും ഗുണമാത്രമെന്നായ്
‘പരചിന്തയില്ലാ’ തൊരുചിന്തമാത്രം
പുരസ്കരിച്ചുള്ള പ്രവൃത്തിസാദ്ധ്യമോ?
ഇഹവ്യവഹാരവിരക്തിവന്നുള്ള
മഹർഷിവര്യന്മാർ വനത്തിൽമേവുന്നോർ
അവർക്കേകാഗ്രത സുസാധമാം; പക്ഷേ
വനാന്തരവാസമതിന്നനുയോജ്യം
പലതിൽനിന്നുമായ് പഠിച്ചിട്ടല്ലയോ
പെരിയജ്ഞാനത്തെ മനുഷ്യർതേടുന്നു
വിവിധചിന്തകൾക്കധീനൻ വിദ്യാർത്ഥി
അനുഭവങ്ങളാലറിവുനേടുവാൻ
അനിശമാശിപ്പോനതിന്നുയത്നിപ്പോൻ
അനന്യചിന്തയിൽ ദൃഢവ്രതനാമോ?
പഠിപ്പുകേവലമറിവിനെന്നുള്ള
പരമാദർശത്തെ മറന്നു സർവ്വരും
പരീക്ഷപാസ്സായി ബിരുദുകൾനേടാൻ
പരിശ്രമിക്കുന്നു പലേവിധത്തിലും
അകലെനിന്നീടും ‘പരീക്ഷാ’ഭൂതമോ

അടുത്തടുത്തെത്തി ത്തുറിച്ചുനോക്കുന്നു.
അവനന്നതാദ്യന്തമൊഴിയാബാധയായ്
ചിരമലട്ടുന്നു; ഭയപ്പെടുത്തുന്നു.
പരീക്ഷാകാലത്താ 'പരീക്ഷാ'ഭൂതത്തിൽ
പരാക്രമങ്ങളോ പറയാവതല്ലേ
പറഞ്ഞുതന്നാലും ചിരമാമീബാധ
പരിഹരിക്കുവാനുപായം സൽഗുരോ"
"ധരിക്ക . . . . . ക്രമമായ് വായിച്ചാൽ
'പരീക്ഷാ'ഭൂതത്തെ ജയിച്ചിടാം ദൃഢം
പരീക്ഷകളെല്ലാം പഠിപ്പാം മാർഗ്ഗത്തിൽ
വരും കടത്തുകൾ, കടന്നുപോകണം.
പരിശ്രമിക്കുക, ക്രമത്തിൽ നീന്തുക
മറുകരയെത്താം 'വൃഥാപരിഭ്രമം'.

## ആ അവസാനച്ചുംബനം.

(എം. എസ്. നമ്പൂതിരി. III U. C.)

സാമ്രാജ്യങ്ങൾ സീമാരഹിതങ്ങളായി ഇതുവരെ മനുഷ്യദൃഷ്ടിക്കു വിഷയീഭവിച്ചിട്ടില്ല. പരാജയത്തിന്റെ പുളിച്ചനാററം അല്പമെങ്കിലും അനുഭവിക്കാത്ത ധീരപുരുഷന്മാർ അവതരിച്ചിട്ടില്ല. മനുഷ്യാതീതമായൊരു സംഭവമില്ലെന്നു സധൈര്യം പ്രസ്താവിക്കുവാൻ ഒരു ധീരഹൃദയവുമുണ്ടായിട്ടില്ല. സൽഗുണാദികളുടെ സരസമായ വിളനിലവും സൌന്ദര്യത്തിന്റെ സാനന്ദമായ വിളയാട്ടവും ഒത്തൊരുമിച്ചു പ്രവർത്തിച്ചിട്ടില്ല. എന്നാൽ പതിനാറാം നൂററാണ്ടു; അതെ ഈ ലോകചരിത്രത്തിന്റെ ജാതകമൊന്നു തിരുത്തുകതന്നെ ചെയ്തു. സംഭവപരമ്പരകളുടെ സവിശേഷസങ്കേതമായിരുന്ന ആ സുപ്രസിദ്ധമായ പതിനാറാം നൂററാണ്ടിൽ — ഭീമപരാക്രമനായ ഭാരതാധീശന്റെ ഭാഗ്യലക്ഷ്മിയുടെ ആനന്ദമധുരമായ ചാഞ്ചാട്ടത്തിൽ — നിർമ്മലമായ യശസ്സിന്നും നിസ്സീമമായ ഐശ്വര്യത്തിന്നും വിളനിലങ്ങളായിരുന്ന നിരവധി സിംഹാസനങ്ങൾ ദൈനന്ദിനം ആ സാമ്രാട്ടിന്റെ കാൽക്കൽ സമർപ്പിക്കപ്പെട്ടിരുന്നു. അന്നു അക്ബർ പാദ

ഷായുടെ അനുഗൃഹീതനാമധേയം പാടിപ്പുകഴ്ത്താത്ത ലതകളില്ല. ആ നാമശ്രവണത്തിൽ രോമാഞ്ചമണിയാത്ത പുൽക്കൊടികളില്ല. ഹൃദയം തുളുമ്പാത്ത പുഴകളില്ല. തിരുമേനിയുടെ ദീർഘായുസ്സിനുവേണ്ടി ഭാരതം കൈകൂപ്പിയിരുന്നു. സഗൽദഗം പ്രാർത്ഥിച്ചിരുന്നു.

കാലമതുതന്നെ. മനോമോഹനമായ മറെറാരു പടംകൂടി ഇന്ത്യാസാമ്രാജ്യത്തിൻെറ വിരിമാറിടത്തിൽ വരക്കപ്പെട്ടിരുന്നു. മഹാന്മാരുടെ മണിച്ചട്ടകൾകൂടി പുളകിതങ്ങളാകുന്ന ചില സന്ദർഭങ്ങളുണ്ട്; വിപരീതകക്ഷിയുടെ വിജൃംഭിതമായ വിജയത്തിൽ അവരുടെ മനസ്സ് ചിന്താതീതമായ മരുഭൂമിയിൽകൂടി സഞ്ചരിക്കുന്ന ചില സന്ദർഭങ്ങളുണ്ട്; നൈജമായ നൈരാശ്യത്തിൽ ആകാംക്ഷക്കു തമോമകുടം വെക്കുന്ന ചില സന്ദർഭങ്ങളുണ്ട്; അത്യാഗ്രഹത്തിൻെറ അനിവാര്യഛായയിൽ സിംഹപ്രതാപനായിരുന്ന പാദുഷായുടെ ദോർദണ്ഡങ്ങൾക്കുകൂടി ഭയാനകമായിരുന്ന ഒരു ഭൂവിഭാഗം അന്നുമുണ്ടായിരുന്നു. അഹമ്മദുനഗരം. ജയമല്ലൻെറ മുമ്പിൽക്കൂടി കുനിഞ്ഞിട്ടില്ലാത്ത പാദുഷായുടെ പള്ളിപ്പടവാളിനെ മുട്ടുകുത്തിച്ച ഒരു സന്നിധിയന്നുമുണ്ടായിരുന്നു. ആ ദുർഗ്ഗപ്പിളപ്പ് സങ്കല്പസ്വർഗ്ഗത്തിലുംകൂടി പാദുഷാ കണികണ്ടിട്ടില്ലാത്ത ഒരു തരുണീവിശേഷമന്നുമുണ്ടായിരുന്നു. ചാന്ദബീബി സുൽത്താനക്കു വയസ്സമ്പതായി. തൻെറ ജീവിതോദ്ദേശം നിറവേറിയതുമൂലം പൂർവ്വാധികം പ്രസന്നമായി കാണപ്പെട്ട അവളുടെ മുഖകമലത്തിൽ ചില്ലറ ചില രക്തരേഖകൾമാത്രം കഴിഞ്ഞ ഭയങ്കരസമരത്തെ സൂചിപ്പിക്കുന്നതിനെന്നപോലെ തെളിഞ്ഞുനിന്നിരുന്നു. "മുഷ്ടിമിതമായ സൈന്യത്തെക്കൊണ്ടു മുകൾസാമ്രാജ്യത്തിൻെറ മഹാസമുദ്രത്തോടു പടവെട്ടിയദിവസം അകലത്തല്ല. ശത്രുസൈന്യം പാളയം വിട്ടുകഴിഞ്ഞിട്ടില്ല. അവരുടെ അപ്രതീക്ഷിതമായ ഒരാക്രമണംകൂടി കേവലം സുസാധമാണ്. അതല്ലെങ്കിൽ ഉടമ്പടിപ്രകാരം ബീറാർ അക്ബറിന്നു വിട്ടുകൊടുക്കണം" ഇപ്രകാരമുള്ള ചിന്തയാൽ ചാന്ദയുടെ ഹൃദയം കലങ്ങിയിരുന്നു.

നമുക്കു അക്ബർചക്രവർത്തിയെ ഒന്നു മുഖംകാണിക്കുക. ആ സമയത്തു അദ്ദേഹത്തിൻെറ പാളയത്തിൽ നിശ്ശബ്ദതയുടെ രാജ്യഭരണമായിരുന്നു. സേനാപതികൾ മന്ത്രിവര്യന്മാർ ഇവരെല്ലാം നമ്രവദനരായി ശിലാരൂപങ്ങൾപോലെ സ്ഥിതിചെയ്യുന്നു. ആ മഹാപുരുഷൻക്ഷിതിതലനിക്ഷിപ്തചക്ഷുസ്സായിത്തന്നെ ഒതുങ്ങിനില്ക്കുന്ന സചിവന്മാരുടെ നടുവിൽ

ക്കൂടി അങ്ങുമിങ്ങും ഉലാത്തുന്നു. ഓരോ കാൽവെപ്പിലും രണ്ടുംമൂന്നും ദണ്ഡുവീതം തരണംചെയ്തുകൊണ്ടു അദ്ദേഹം ഇതികർത്തവ്യതാമൂഢനായിത്തീരുന്നു. ബ്രഹ്മാണ്ഡങ്ങൾമുഴവൻ പൊടിയുമാറ തൻെറ കൈപ്പടങ്ങൾ കൂട്ടിയുരുമ്മുന്നുണ്ടു്. ഇടക്കിടെ ഭീജനകമായി നിശ്വസിക്കുന്നുണ്ടു്. അട്ടഹാസത്തിലും ഭയാനകമായിരുന്നു അദ്ദേഹത്തിൻെറ നിശ്ശബ്ദത. പാദുഷാ അഗാധമായ ചിന്തയിലേപ്പെട്ടിരുന്നു. ഓരോ വിചാരഗതിയുടേയും അവസാനം സുതരാംവ്യക്തമായിരുന്നു. ഇടക്കിടെ കുറഞ്ഞൊന്നു നില്ക്കുന്നുണ്ടു്. ചിലരെയെല്ലാം ഉററുനോക്കുന്നുണ്ടു്. ഉഷ്ണീഷമൂരി വലതുകയ്യിൽ പിടിച്ചു മററെകൈകൊണ്ടു തല തടവുന്നുണ്ടു്. കൈലേസ്സെടുത്തു നെററിയിലെ വിയൎപ്പു തുടക്കുന്നുണ്ടു്. ചിന്ത, ആഴമേറിയ ചിന്ത. അഹമ്മദനഗരത്തെപ്പററി ആലോചിക്കുംതോറും അന്ധകാരനിബിഡമായ ഒരന്തരീക്ഷം അദ്ദേഹത്തിൻെറ മുമ്പിൽ പൊങ്ങിപ്പരന്നു. ആ അന്ധകാരത്തിനിടയിൽ തുമിന്നൽപോലുള്ള ഒരു കമനീയവിഗ്രഹം പ്രത്യക്ഷപ്പെടുന്നതായി അദ്ദേഹത്തിനു തോന്നി. നിന്ദാഗർഭമായ ഒരു മന്ദഹാസത്തോടുകൂടി അതു വീണ്ടുംവീണ്ടും സമീപിക്കുന്നു. അവളുടെ കരവല്ലിയിൽ പരിലസിച്ചിരുന്ന നിശിതാസിയുടെ മുനകൊണ്ടു അദ്ദേഹത്തിൻെറ ചിബുകത്തിലൊരു തോണ്ടല്. അക്ബർ തൻെറ ഉടവാൾ വലിച്ചെടുത്തു. പാളയമൊട്ടുക്കൊരു ഞെട്ടൽഞെട്ടി. വാളുലച്ചൊരു വെട്ടൽവെട്ടി. ഹൂൽക്കാരത്തോടെ വായുപ്രവാഹത്തിൽക്കൂടി ഊളിയിട്ട ആ ഖഡ്ഗം ഒരു കസാലയുടെ കഴുത്തറത്തപ്പോഴാണു കാൎയ്യം മനസ്സിലായതു്. "ഹായ്" എന്നു പറഞ്ഞു വാൾ വലിച്ചെറിഞ്ഞു. സദസ്യർ ചൂളി. പിന്നേയും അതൊരുസ്വപ്നമായിരുന്നുവെന്നു അദ്ദേഹത്തിനു ബോദ്ധ്യമായില്ല. താടിയിൽ തടവിനോക്കി. മുറിഞ്ഞിട്ടില്ലെന്നുകണ്ടു സമാധാനിച്ചു. വീണ്ടും ഉലാത്തുകയായി. ഒടുവിലിതാ ഒരു ഗർജ്ജനം—"ഉസ്മാൻ"—ഉദ്ദേശം ഇരുപത്തഞ്ചുവയസ്സു പ്രായംതോന്നിക്കുന്ന ഒരു തേജഃപുഞ്ജം അദ്ദേഹത്തിൻെറമുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്തു. ഒരു പിതാവു തൻെറ വാത്സല്യഭാജനമായ പുത്രനെ എന്നപോലെ പാദുഷാ ആ യുവസിംഹത്തെ രണ്ടുകൈകൊണ്ടും വാരിയെടുത്താലിംഗനം ചെയ്തു. കണ്ണീർ തുടച്ചകൈകൊണ്ടു ഉസ്മാൻെറ പുറത്തു തലോടി അദ്ദേഹം പറഞ്ഞു.

"കുട്ടീ, നിൻെറ യൌവനാരംഭംമുതൽ എൻെറ ഹൃദയം കുളുർത്തുവരുന്നുണ്ടു്. മുകിളസാമ്രാജ്യം ആസേതുഹിമാചലം പുഷ്ടിപ്പെടുത്തുന്നതിനു നിൻെറ ഈ കുഞ്ഞിക്കൈകൾക്കു സാദ്ധ്യമാണെന്നു ഞാൻ അന്നുതന്നെ

കണ്ടിരുന്നു. ഭാരതസാമ്രാജ്യത്തിൻെറ ഭാവി നിന്നിലാണു അർപ്പിക്കപ്പെട്ടിട്ടുള്ളതു്. സുൽത്താനാം സന്ധി സംസാരിക്കുന്നതിന്നു ഒരുക്കമില്ലെന്നു വരാം. അങ്ങിനെയാണെങ്കിൽ ഏതുവിധവും അഹമ്മദുനഗരം വെട്ടിപ്പിടിക്കുന്നതിന്നു ഈ ചുമതല ഞാൻ നിന്നെ ഏൽപ്പിക്കുന്നു."

"തിരുമേനി! അവിടുത്തെ വിശ്വസ്തദാസൻ അതു ശിരസാവഹിക്കുന്നു. ഈ ശരീരത്തിൽ ഒരു ഞരമ്പുപോലും ശേഷിക്കാതാവുന്നതുവരെ—എൻെറ രക്തത്തിലെ അവസാനത്തുള്ളിപോലും വററിവരുന്നതുവരെ—മുഗിളസാമ്രാജ്യത്തിൻെറ അഭിമാനത്തെ രക്ഷിക്കുവാൻ ഞാൻ സന്നദ്ധനാണ്"

അക്ബർ:—എന്നാൽ ഉസ്മാൻ! നിങ്ങളുടെ മനസ്സിൽ എന്തോ ഒരു വിചാരഗതി കടന്നുകൂടിയിരിക്കുന്നതായി നാം അറിയുന്നു. നമ്മുടെ സൂക്ഷ്മദൃഷ്ടി അത്ര പിഴക്കാറില്ല. എന്തെങ്കിലും അഭീഷ്ടം സാധിക്കേണ്ടതായി ഉണ്ടെങ്കിൽ പറയുക. അക്ബർപാദുഷാ അതു നിറവേററിത്തരും.

"പൊന്നുതിരുമേനി! അവിടുത്തെ കൃപയാൽ ഈ സാധുവിനു ഒന്നും സാധിക്കേണ്ടതായിട്ടില്ല"

അക്ബർ:—അങ്ങനെയല്ല. ഇവിടങ്ങളിലെ ഒരു സൌന്ദര്യധാമം കുട്ടിയുടെ ഹൃദയം കവന്നിരിക്കുന്നതായി നമുക്കു തോന്നുന്നു. അതു ഏററവും നല്ലതുതന്നെ. ആരാണു ഈ കൊച്ചുമനസ്സു അപഹരിച്ചുകളഞ്ഞതു്?

"പ്രഭൊ! എൻെറ മനസ്സ് ആരുംതന്നെ അപഹരിച്ചിട്ടില്ല. അവിടുത്തെ സംശയം അസ്ഥാനത്താണ്."

അക്ബർ അയാളുടെ കണ്ണുകളിലേക്കൊന്നു ചുഴിഞ്ഞുനോക്കി. ആ കണ്ണുകളിൽ ഉസ്മാൻെറ ഹൃദയം മുഴുവൻ വ്യക്തമായിരുന്നു. "കുട്ടെ ഉസ്മാൻ നീ കുറച്ചുനേരം വിശ്രമിക്കുക" എന്നു പറഞ്ഞു ആ പുരുഷസിംഹം വീണ്ടും ഉലാത്തുകയായി.

മനോഹരമായ ഒരു ശബ്ദം. നിർവ്വാണസുഖം നൽകുന്ന ഒരു കവിത. പ്രേമത്തിൻെറ മണിനാദത്തിലൂടെ ഒരു സുന്ദരഗാനം—"സെലീമ"

ചകിതങ്ങളായ ലോചനങ്ങളോടുകൂടി അവൾ തിരിഞ്ഞുനോക്കി

"ആര്! ആരാണതു്?"

"പ്രിയെ! ഭവതിയുടെ ഉസ്മാൻ"

"ഒ ആര്! ഭാരതസാമ്രാജ്യത്തിൻെറ സൈന്യാധിപനോ?"

"അല്ല സെലീമയുടെ ദാസൻ."

"ആര്! അഹമ്മദ്നഗരത്തിന്റെ ശത്രുവോ?

"അല്ല സെലീമയുടെ ഹൃദയം. അതിനാൽ ലോകത്തിന്റെ ബന്ധു"

"ഉസ്മാൻ! നിങ്ങളെങ്ങനെയാണിവിടെ? അച്ഛനറിഞ്ഞാൽ നിങ്ങൾ ഈ നിമിഷത്തിൽ തടവുകാരനാണെന്നറിഞ്ഞുകൂടെ?"

"അതെ! ഞാനൊരു തടവുകാരനാണ്. പക്ഷെ സെലീമയുടെ. എന്റെ കാമനകൾക്കുവേണ്ടി ഞാൻ നരകംതന്നെ വരിപ്പാനും മടിക്കുന്നില്ലെന്നു ധരിച്ചിട്ടില്ലേ?"

"ഉസ്മാൻ! നിങ്ങൾ യുദ്ധത്തിന്നു വന്നിട്ടുണ്ടെന്നും നാളെ നിങ്ങളാണു സൈന്യാധിപനാവുന്നതെന്നും ഞാൻ അറിഞ്ഞു. നിങ്ങളേതുവിധത്തിലായിരിക്കും യുദ്ധം ചെയ്യുന്നതെന്നു ഞാൻ സ്വപ്നം കണ്ടുകൊണ്ടിരിക്കയായിരുന്നു"

"സെലീമാ! ഇപ്രകാരം ചന്ദ്രികാചർച്ചിതമായ ഒരു രജനി. ശുഷ്കഭൂയിഷ്ഠമായ ആ പാളയത്തിൽനിന്നു കവിതയാർന്ന ഈ വെൺമാടത്തിലെ വെണ്ണക്കൽത്തറയിലേക്കു ഞാനൊന്നു കണ്ണെറിഞ്ഞു. പറയൂ. പിന്നെയെങ്ങിനെയാണു ഞാനവിടെയിരിക്കുന്നതു്"

"ശരിയാണ്. പ്രകൃതി ഇത്ര രമണീയതയെ വഹിച്ചതായി ഇതിന്നുമുമ്പു ഞാൻ കണ്ടിട്ടില്ല. അതാ നോക്കു ലതാനടികൾ ആനന്ദനൃത്തനം ചെയ്യുന്നു. പുഷ്പങ്ങൾ മന്ദഹാസം പൊഴിക്കുന്നു"

"ഇന്നത്തെ രാത്രിയിൽ പ്രകൃതി അതിന്റെ വൈചിത്ര്യത്തെ മുഴുവനും വെളിപ്പെടുത്തുന്നുണ്ട്, ചെന്തളിരുകളുടെ തേനൊലിയാർന്ന മുദ്ദുരവത്തോടെ ആനന്ദപുളകിതരായി ലളിതലതകളോടൊപ്പം ആ കാററാടി ചാഞ്ചാടുന്നതു കണ്ടില്ലല്ലോ."

സൗരഭമെഴുന്ന ഒരു ചെറുകാററു വീശി രണ്ടു മുകിലിൻശകലങ്ങൾ തമ്മിൽ ചേരുന്നു. ചന്ദ്രകരചുംബിയായ മുഖത്തുനിന്നു മന്ദസ്മിതം ചോരുന്നു. കുറച്ചുനേരം അങ്ങനെ കഴിഞ്ഞു

"പ്രാണനാഥാ!"

"കാമനെ, സെലീമാ!"

ഉസ്മാൻ നിവർന്നിരുന്നു.

"സെലീമാ! നോക്കു, പ്രണയവിവശരായി ആ കൈരവങ്ങൾ തങ്ങളുടെ തരളവദനംതാഴ്ത്തി തടാകത്തിന്റെ മാറിടത്തിൽ ചുംബിക്കുന്നു. ആ തടാകമാകട്ടെ അതിന്റെ ചെറുതിരകളാൽ അവയെ ഗാഢഗാഢം തടവുന്നു."

സെലീമ ഉസ്മാൻെറ വിരി മാറിടത്തിലേക്കു ചാഞ്ഞു. അരുണാരുണമായ അവളുടെ അധരപുടങ്ങളിൽ അദ്ദേഹത്തിൻെറ ചുണ്ടുകൾ പടൎന്നു.

പൂനിലാവിലാറാടിയ രജനി. പുഷ്പങ്ങളുടെ പരിമളംവീശുന്ന മന്ദാനിലൻ. ലതാനികുഞ്ജങ്ങളിൽനിന്നും പൈങ്കിളിക്കുഞ്ഞുങ്ങളുടെ കൎണ്ണാനന്ദകരങ്ങളായ ഗാനങ്ങൾ. നിൎഝരിയിൽനിന്നു നിൎഗ്ഗമിക്കുന്ന നിൎമ്മലങ്ങളായ മൃദുശീകരങ്ങൾ. പ്രേമബദ്ധങ്ങളായ രണ്ടു യുവഹൃദയങ്ങൾ വിഹരിക്കട്ടെ. വിഹരിക്കട്ടെ. ലോകം ലയിക്കുന്നതു ആ ആനന്ദത്തിലാണ്. ലോകം നില്ക്കുന്നതു ആ ആനന്ദത്തിലാണ്.

അപ്പോൾ അതാ സ്വൎഗ്ഗത്തിലൊരു കട്ടുറുമ്പ്. അക്ബറുടെ കരവാളികയിൽനിന്നും ഒരു വിദ്യുല്ലതിക അവരുടെ ഇടയിൽക്കൂടി പാഞ്ഞുപോയി. അതിനെത്തുടൎന്നൊരിടിവെട്ടം "ഉസ്മാൻ!"

നിസ്തുലങ്ങളായ സാമ്രാജ്യങ്ങളെക്കൂടി കിടുകിടെ വിറപ്പിക്കുന്നതിന്നു ശക്തനായ ഉസ്മാൻഖാനും ആലിലപോലെ വിറച്ചുതുടങ്ങി. താനൊരപരാധിയെന്നു അദ്ദേഹത്തിൻെറ ഭാവഭേദങ്ങൾ വിളിച്ചുപറഞ്ഞു. പാദുഷാ സലീമയുടെ നേരെ തിരിഞ്ഞു.

"മകളേ! ഈ അസമയത്തു ഇവിടെ നില്ക്കുന്നതനൎത്ഥമാണ്. അകത്തേക്കു പോകൂ."

സലീമ ആ രംഗത്തിൽനിന്നു മറയുന്നതുവരെ ഉസ്മാനു തലപൊക്കുവാൻ കഴിഞ്ഞില്ല. ലജ്ജകൊണ്ടല്ല. ശിരസ്സിൽ വീണതു ഭയങ്കരമായ കരശനിപാതമല്ലേ? മൂകമായിത്തന്നെ ആ രംഗം കുറച്ചധികം നീണ്ടുനിന്നു. പ്രത്യുല്പന്നമതിയായിരുന്നിട്ടും മനോധൈൎയ്യം തന്നെ വെടിയുന്നതായി ഉസ്മാനു തോന്നി. അദ്ദേഹം പതുക്കെ മേല്പോട്ടുനോക്കി. അവിടെ, വിശാലമായ ആകാശം. പരിസരങ്ങളെല്ലാം ഒന്നു പരിശോധിച്ചു. ശൂന്യതയുടെ വിളയാട്ടം. ലോകത്തിലുള്ള യാതൊന്നിലും അദ്ദേഹത്തിന്നു സമാധാനം കിട്ടാതായിപ്പോയി. "പ്രഭോ! ക്ഷമിക്കണം." എന്നു പതുക്കെ വിക്കി.

"ഉസ്മാൻ! അക്ബർ ദയാശീലനാണ്. നിൻെറ ബുദ്ധിമോശത്തെ നാം ക്ഷമിച്ചിരിക്കുന്നു. ചോദിക്കുന്നതിന്നു സമാധാനം പറയുക. അഹമ്മദനഗരത്തിലെ മന്ത്രിവൎയ്യനായ മുസഫ്ഖാൻെറ മകൾ സലീമയല്ലേ ആ പെൺകുട്ടി?"

"സ്വാമി, അവൾതന്നെയാണ്."

"എന്നാൽ കേൾക്കു, അക്ഷന്തവ്യമായ ഒരപരാധം നീ പ്രവൎത്തിച്ചു പോയി. നിന്റെ ജീവൻ തൂക്കുമരത്തിൽ അവസാനിക്കേണ്ടതാണെങ്കിലും ഒരു കാരണത്തിന്മേൽ നിനക്കു മാപ്പുതരാം. മുകൾസാമ്രാജ്യത്തിന്റെ കണ്ണിൽ നീയൊരു രാജദ്രോഹിയാണ്."

"ശരിയാണ്. ഞാൻ രാജദ്രോഹിതന്നെ. തൂക്കുമരത്തിൽ ഏറുന്നതിന്നു എനിക്കു മടിയില്ല"

"മടിയില്ലെങ്കിലും മരിക്കുന്നതിന്നു ഒരുവനു സന്തോഷമുണ്ടാകുമോ?"

"ഉവ്വ്. ഞാൻ മരിക്കുകതന്നെ ചെയ്യും"

"എന്ത്? അപ്പോൾ നീ മരിക്കുവാൻ സന്നദ്ധനാണോ" ആലോചിച്ചു മറുപടിപറഞ്ഞാൽ മതി."

"ആലോചിക്കുവാനൊന്നുമില്ല തിരുമേനി. ഞാൻ മരിക്കും. ഇപ്പോൾതന്നെ."

"ഉസ്മാൻ! ഉറച്ചുകഴിഞ്ഞുവോ"

"സ്വാമി! ഉവ്വ്."

"കുട്ടി! നിന്നെ നാമഭിനന്ദിക്കുന്നു, നിന്നെപ്പോലെ ധീരന്മാർ ലോകത്തിൽ ചുരുക്കംപേരാണുള്ളത്. കേൾക്കൂ. ഒരു ധീരഹൃദയം ദുസ്സാധമെന്നൊന്നു കേട്ടിട്ടില്ലെന്നു നിനക്കറിഞ്ഞുകൂടെ. നിന്നെ തിരഞ്ഞുതിരഞ്ഞു ഞാൻ സാമാന്യത്തിലധികം കഷ്ടപ്പെട്ടു."

"തിരുമേനി! അവിടുന്നെന്തിനാണാവോ എന്നെ തിരഞ്ഞുവന്നത്? അതറിയുന്നതിന്നു എനിക്കാകാംക്ഷയുണ്ട്."

"മറ്റൊന്നിനുമല്ല: നീവഴിയായി അക്ബറിന്നൊരാഗ്രഹം സാധിക്കേണ്ടതുണ്ട്. അഹമ്മദുനഗരം പിടിച്ചടക്കിയാൽ കൊള്ളാമെന്നുണ്ട്."

ഉസ്മാൻ ധൃതിപ്പെട്ടു "ഒന്നുകിൽ അഹമ്മദുനഗരം സസ്യശ്യാമളയായിട്ടു, അല്ലെങ്കിൽ ഒരുപിടി നറും ചാമ്പലായിട്ട്, ഇതാ ഈ തൃപ്പാദങ്ങളിൽ ഉസ്മാൻ കാഴ്ചവെക്കുന്നുണ്ട്."

"ഫൂ! ഫൂ! അഹമ്മദുനഗരം പാട്ടിലാക്കുവാൻ അത്ര എളുപ്പമാണെന്നു നീ വിചാരിക്കുന്നുവോ? അക്ബറുടെ പള്ളിപ്പടവാൾ, പരാജയമെന്തെന്നറിഞ്ഞിട്ടില്ലാത്ത ഈ പള്ളിപ്പടവാൾ, ഒരു ദിക്കിലുലഞ്ഞിട്ടുണ്ടെങ്കിൽ അതു അഹമ്മദുനഗരത്തിലാണ്. നിനക്കു ചെറുപ്പമാണ്. അതിവാക്കൊന്നും പറഞ്ഞുപോകരുത്. നമ്മുടെ വിജയത്തിന്നൊരുമാൎഗ്ഗമേയുള്ളൂ."

"അതെന്താണെന്നു പറഞ്ഞാൽ ഞാൻ ആ വഴിയെ നടന്നുകൊള്ളാം"

"മറൊന്നുമല്ല. ഈ രാത്രിയിൽതന്നെ അഹമ്മദുനഗരത്തിലെ മന്ത്രിയായ മുസഫ്ഖാൻെറ വധമാണ്."

ഉസ്മാൻെറ ഹൃദയത്തിൽകൂടി ഒരു മിന്നൽപിണർ പാഞ്ഞുപോയി. വിദഗ്ദ്ധചേഷ്ടനായി കുറച്ചുനേരം നിന്നതിന്നുശേഷം ആ സാധു ഇങ്ങനെ അപേക്ഷിച്ചു.

"പ്രഭോ! ഈ ഒരു സംഗതിയൊഴിച്ചു എന്തുതന്നെ കല്പിച്ചാലും അനുസരിക്കുന്നതിന്നു അവിടുത്തെ ദാസൻ സന്നദ്ധനാണ്. ദയവുണ്ടായി ഈ ക്രിയ എന്നെക്കൊണ്ടു നടത്തിക്കരുതു്."

"നിന്നേയും നിൻെറ പ്രേമഭാജനമായ സലീമയേയും കാത്തിട്ടാണു നാം ഇപ്രകാരം നിശ്ചയിച്ചതു്. അല്ലെങ്കിൽ ഈ ഗൃഹത്തിൽനിന്നും ഒരു ജീവിയെങ്കിലും പുറത്തുപോകാതെ വെണ്ണീറാകുമായിരുന്നു. മുസഫ്ഖാനെ വധിപ്പാൻ നിനക്കല്ലാതെ മററാക്കും സാദ്ധ്യമല്ല. ഇതു കേവലം തെററല്ല. അഹമ്മദുനഗരത്തിൻെറ ക്ഷേമം, മുകൾസാമ്രാജ്യത്തിൻെറ യശസ്സ്, സലീമയുടെ ജീവൻ ഇതിന്നാണു മുസഫ്ഖാൻെറ വധം."

"തിരുമേനി! എന്നാലും ഞാൻ വേണമെന്നില്ലല്ലൊ."

"കുട്ടി! അക്ബർചക്രവത്തി അപേക്ഷിക്കാറില്ലെന്നറിഞ്ഞുകൂടെ."

"സ്വാമി! ഇക്കാര്യത്തിൽമാത്രം ദയയുണ്ടാകണം"

"ഉസ്മാൻ! പറഞ്ഞതുകേട്ടില്ലെ. നിനക്കു സലീമയെ ആവശ്യമുണ്ടൊ മുസഫ്ഖാനെ വധിക്കുക. അല്ലെങ്കിൽ പുലരിക്കുമുമ്പു ഈ മണിമാളിക മണ്ണിൻചുവടിലാണ്. എന്തു പറയുന്നു? വേഗമാകട്ടെ."

"അവിടുന്നു കല്പിക്കുംപോലെ"

"എന്നാൽ ചെല്ലു. ഇതാ വാൾ. ഒരു മണിക്കൂറിനകം ഞാൻ ആ വൃക്ഷത്തിൻെറ മറവിലുണ്ടാകും."

നഷ്ടചേഷ്ടനായ ഉസ്മാൻ യന്ത്രത്താൽ നിയന്ത്രിതനെന്നപോലെ വാളുമെടുത്തു പുറപ്പെട്ടു. ചിന്താഖഗത്തിൻെറ ചിറകുകൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ മാറിമാറി അടിക്കുവാൻ തുടങ്ങി. സത്യലോകത്തിലെ സങ്കല്പശാലയിൽ സമാധാനയന്ത്രങ്ങൾ തേടിനോക്കി. ഒടുവിൽ ദീർഘമായൊന്നു നിശ്വസിച്ചു മുമ്പോട്ടു കടന്നു. കേവലം സുപരിചിതങ്ങളായ ആ ഗൃഹാന്തർഭാഗങ്ങളിൽ അദ്ദേഹത്തിൻെറ കാൽ ഇടറിന്നിന്നു. ധീരനാണു ഉസ്മാൻ, കൃത്യബോധമുള്ളവനാണ്. എന്നാൽ ത്യാഗശീലനാണ്.

ആർദ്രമനസ്കനാണ്. അദ്ദേഹം പിന്തിരിഞ്ഞു "എനിക്കസാദ്ധ്യമാണ്." അപ്പോഴുണ്ട് പാദ്ഷായുടെ കഠോരശാസനം കർണ്ണങ്ങളിൽ മുഴങ്ങുന്നു. മാത്രപോലും നിന്നില്ല. അങ്ങുമിങ്ങും നോക്കാതെ വാതായനത്തിൽക്കൂടി അദ്ദേഹം മുസഫ്ഖാൻെറ ശയനമുറിയിൽ പ്രവേശിച്ചു. അവിടെ മങ്ങിയൊരു ദീപച്ഛായയുണ്ടായിരുന്നു. വിശാലമായ ആ മുറിയിൽ രത്നഖചിതമായ ഒരു പര്യങ്കത്തിൽ അഹമ്മദുനഗരം നിർബ്ബാധം ഉറങ്ങുന്നതായി അദ്ദേഹം കണ്ടു. വായുവേഗത്തിൽ ഉസ്മാൻ കട്ടിലിനോടടുത്തു ഉറയൂരിയ ഒരു ഉടവാൾ മന്ത്രിവര്യൻെറ മാറിടത്തെ ലക്ഷ്യമാക്കി പാഞ്ഞുകയറി. ഒരു ദീനരോദനം "സെ . . . . ലീ . . . . മാ—"

കാലയവനിക അഞ്ചാറുവട്ടം നീങ്ങിക്കഴിഞ്ഞു. അഹമ്മദുനഗരം അന്യായമായി ആക്രമിച്ചതിലും മന്ത്രിവര്യൻെറ മണിമേട ചാരപ്പുരയായി മാററിയതിലും അക്ബറിന്നു സമാധാനങ്ങളുണ്ടായിരുന്നു. ഉസ്മാനെ സമാശ്വസിപ്പിക്കുന്നതിന്നു നയകോവിദനായ ഭാരതസാമ്രാട്ടിനു അത്യധ്വാനം വേണ്ടിവന്നില്ല. എന്നാൽ സലീമയുടെ കഥയെന്താണ്? യൗവ്വനത്തിൻെറ തടാകത്തിൽ ലീലാരസത്തിന്നിറങ്ങിയവൾ, പ്രേമത്തിൻെറ ചെറുതോണിയിൽ മന്ദയാനം തുടൎന്നവൾ, ഇന്നിതാ ശ്മശാനത്തിൻെറ ഗോപുരത്തിലെത്തുന്നതിന്നു വെമ്പുന്നു. അന്നു ആ പാലൊളിപ്പൂനിലാവിൻെറ മന്ദഹാസമെന്നോണം പരിലസിച്ചിരുന്ന മണിമാളിക ഇന്നു അഗാധമായ ഒരു മരുഭൂമിയാണ്. അന്നത്തെ ആ വെണ്ണക്കല്ലിയുടെ സ്ഥാനത്തു ഇന്നു ഭയങ്കരാകാരങ്ങളായ രണ്ടു വൃക്ഷങ്ങളാണുള്ളത്. എന്തിന്? അന്നത്തെ ചന്ദ്രിക, അന്നത്തെ മന്ദസമീരണൻ, അന്നത്തെ നക്ഷത്രങ്ങൾ എല്ലാം ഒന്നു വേറെതന്നെ. അന്നു ആ സ്ഥലിയിൽ രണ്ടു സുന്ദരരൂപങ്ങൾ വിഹരിച്ചിരുന്നില്ലെ? ഇന്നവിടെ നാം ഒരാളെ മാത്രമെ കാണുന്നുള്ളൂ. ഉസ്മാനെ. അയാളാരുടെയോ വരവിനെ പ്രതീക്ഷിക്കുന്നുണ്ട്.

കയ്യിലുണ്ടായിരുന്ന കടലാസ്സുകഷണമെടുത്തു സംശയനിവൃത്തിക്കായി ഉസ്മാൻ വീണ്ടും വായിച്ചു. "അതെ അൎദ്ധരാത്രിക്കുതന്നെ", എന്നുറപ്പിച്ചു. കുറച്ചു സമയംകൂടി അവിടെ വിശ്രമിച്ചപ്പോൾ വാററിവരണ്ട ഒരു വിഗ്രഹം അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷമായി. സലീമയാണു കത്തയച്ചതെന്നു നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ അതാരാണെന്നു തിരിച്ചറിവാൻ സാധിച്ചു.

"എന്താണ് സൈന്യാധിപരെ, നിങ്ങൾക്കു മനസ്സിലായില്ലെന്നുണ്ടോ? ഞാൻ നിങ്ങളുടെ പണ്ടത്തെ സലീമയാണ്."

"സലീമാ! ഇപ്രകാരം പറയുന്നതു സങ്കടമാണ്."

"അനേകകാലത്തെ സന്തോഷത്തിന്നു ശേഷമല്ലെ? സാരമില്ല. നിങ്ങളെന്നെ തീരെ മറന്നു കളഞ്ഞു എന്നു ഞാൻ വിചാരിച്ചു. ഇപ്പോൾ വന്നതുകൊണ്ടു മറന്നിട്ടില്ലെന്നു തീൎച്ചയായി."

"ഞാനെന്താണ് ചെയ്യുക? അടങ്ങിയിരിക്കുവാൻ എനിക്കിതുവരെ സാധിച്ചിട്ടില്ല. ചിലപ്പോൾ ഭ്രാന്തുപിടിച്ചേക്കുമോ എന്നുകൂടി തോന്നാറുണ്ട്."

"അപ്പോൾ ഹെ സൈന്യാധിപർ! ചരിയാലോചിക്കുന്നതിൽ ഭ്രാന്തു പിടിപ്പാനെന്താണുള്ളതു്?"

"സെലീമാ! എന്നെ തെററിദ്ധരിക്കരുതു്."

സെലീമ തട്ടുത്തു പറഞ്ഞു. "തെററിദ്ധാരണയോ ഒന്നുമില്ല. മരിക്കുന്നതിന്നുമുൻപു എല്ലാം അച്ഛൻ വിസ്തരിച്ചു പറഞ്ഞു."

"അതെ. അതാണു നിങ്ങൾ തെററിദ്ധരിച്ചിരിക്കുന്നു എന്നു് ഞാൻ പറഞ്ഞതു്. എന്റെ സ്വന്തമനസ്സാലെ ഞാൻ ചെയ്യുതല്ലേ."

"അല്ല. അൿബറിന്നു വേണ്ടി ചെയ്തു."

"അൿബറിന്നു വേണ്ടിയല്ല. സെലിമക്കു വേണ്ടി. ഞാൻ മുസഫ്ഫാനെ വധിച്ചില്ലെങ്കിൽ സെലീമയോടുകൂടി ആ ഗൃഹം അഗ്നിക്കിരയാക്കുമെന്നായിരുന്നു പാദുഷായുടെ തീൎപ്പ്. എനിക്കു സെലീമയെ ആവശ്യമുണ്ട്. അതുകൊണ്ടു മാത്രം അങ്ങനെ ചെയ്യുതാണ്".

"കഷ്ടം! ഉസ്താൻ! നിങ്ങൾ പുരക്ക് തീവെച്ചിരുന്നുവെങ്കിൽ അച്ഛനോടൊന്നിച്ചു ഞാനും തൃപ്തിയോടെ മരിക്കുമായിരുന്നു."

കുറച്ചുനേരത്തേക്കു കണ്ണുനീർ കുളിച്ചു പ്രകൃതിയും പെരുമാറിയില്ല. നിശ്ശബ്ദത. സെലീമ പൊട്ടിപ്പറഞ്ഞു. "അല്ല, ജീവിച്ചിട്ടാവശ്യമുണ്ട്. പ്രതികാരത്തിന്നു്."

"എന്തു്? പ്രിയെ! നീ പ്രതികാരം പോക്കുമെന്നോ?"

"നിവൃത്തിയില്ല. പ്രതികാരത്തിന്നു പ്രതിജ്ഞ ചെയ്യുതിനുശേഷമാണു അച്ഛൻ സംഭവങ്ങൾ പറഞ്ഞതു്. ഇനി നിവൃത്തിയില്ല."

"എന്നാൽ സെലീമാ! ഞാൻ സന്തോഷത്തോടുകൂടി മരിക്കട്ടെ. അവസാനമായി—ഒന്നു മാത്രംമതി—ഒരു ചുംബനം."

സെലീമ മേല്പോട്ടുനോക്കി. "ദൈവമേ! പുകയുന്ന ഹൃദയത്തിന്റെ ഒരു നിശ്വാസം വായുമണ്ഡലത്തിൽ വിലയം പ്രാപിച്ചു.

"ഇല്ല. ഞാൻ പ്രാൎത്ഥിക്കട്ടെ, അതിന്നെന്നെ നിൎബ്ബന്ധിക്കരുതു്. ഇ

താ ഇനി സമയമില്ല. താമസിക്കരുതു് എൻെറ ധൈൎയ്യമെല്ലാം അസ്തമിക്കുന്നു. . . .”

“എന്താണു് താമസം? നിങ്ങളെന്നെ വധിച്ചു പ്രതികാരം പോക്കുക.”

“വധത്തിൻെറ കാൎയ്യം യുദ്ധത്തിന്നു ശേഷം തീൎച്ചപ്പെടുത്താം. ഇതാ വാളെടുക്കൂ.”

“അതു നന്നായി. ഞാനെന്തിനു വാളെടുക്കുന്നു.”

“നിങ്ങൾ യുദ്ധം ചെയ്യൂ. ഞാൻ മരിക്കുന്നെങ്കിൽ നിങ്ങൾക്കു ജീവിക്കാമല്ലൊ.”

“പ്രിയെ! ആ ജീവിതം എനിക്കാവശ്യമില്ല. ഞാൻ വാളെടുക്കുകയുമില്ല യുദ്ധം ചെയ്യുകയുമില്ല.”

“സംസാരിക്കുന്നതിനു എനിക്കു ശേഷിയില്ല. മനസ്സുണ്ടെങ്കിൽ യുദ്ധം ചെയ്യണം. ഇല്ലെങ്കിലിതാ തടുത്തുകൊൾക.”

“സെലീമാ! നിൻെറ കൈകൊണ്ടു ഞാൻ മരിക്കട്ടെ.”

“അരുതു്. നിങ്ങൾ യുദ്ധംചെയ്യൂ.”

“ഇല്ല. എന്നെ കൊന്നുകൊൾക ഞാൻ ആയുധം തൊടുകയില്ല.

“ഭീരു! യുദ്ധമെന്നു പറയുമ്പോഴെക്കും തളൎച്ചയായൊ?

“എന്തു വേണമെങ്കിലും പറഞ്ഞുകൊൾക. ഞാൻ യുദ്ധം ചെയ്യുകയില്ല.”

“ഉസ്മാൻ! മരിക്കുംമുമ്പു് ഞാൻ ഒരിക്കൽകൂടി വിളിച്ചുകൊള്ളട്ടെ, പ്രാണനാഥാ, നിങ്ങളെന്നെ സ്നേഹിക്കുന്നെങ്കിൽ യുദ്ധം ചെയ്യുക.”

“പ്രിയെ! സെലീമാ! ഞാൻ എൻെറ ജീവനിലും അതിയായി നിന്നെ സ്നേഹിക്കുന്നു. എന്നാലും വാളെടുക്കുകയില്ല.”

“നോക്കണം. എന്നാൽ ഞാൻ തന്നെത്താൻ കുത്തി മരിക്കുന്നു.”

സെലീമാ കഠാരിയെടുത്തു. ഉസ്മാൻ തടുത്തു. “അരുതു്. ഞാനിതാ യുദ്ധം ചെയ്യാം.”

“പ്രാണനാഥ! നമ്മുടെ അവസാനപ്രാൎത്ഥന കഴിക്കുക.”

പ്രാൎത്ഥനയിൽനിന്നും അവർ സമരത്തിലേക്കെഴുന്നേററു. അവൎണ്ണ്യമായ പോരാട്ടം. ഭയങ്കരമായ പോരാട്ടം. സെലീമയുടെ നെടുവാൾ ഉസ്മാനെ കട്ടധികം വലപ്പിക്കുന്നു. വാടിത്തളൎന്നു ഉസ്മാൻ താഴെ വീഴുന്നു. വെട്ടേററ കാളസൎപ്പത്തേപ്പോലെ സെലീമ ചീററിയടുത്തു. കരവാളികയുടെ കടവരെ ഉസ്മാൻെറ നെഞ്ഞത്തു കുത്തിയിറക്കി. പല്ലുകടിച്ചുകൊ

ണ്ടു അവൾ ഗർജ്ജിച്ചു. "വഞ്ചകാ! ഇതാണ് നിൻെറ മരണം. ഇതാണു നിൻെറ പ്രതികാരം."

ഹൃദയാഗ്നി കെട്ടാറിയില്ല. സങ്കടവും കോപവും സഹിക്കവയ്യാതെ അവളങ്ങുമിങ്ങും അവലംബമൊന്നുംതന്നെ കണ്ടില്ല. പെട്ടെന്നു കഠാരിയെടുത്തു. അതിൻെറ പിടിവരെ സെലീമയുടെ മാറിൽതന്നെ അവൾ കുത്തിയിറക്കി. അയ്യോ! ഇതാ ആ നിശ്ശബ്ദതയിൽനിന്നു ഒരു രോദനം പുറപ്പെടുന്നു. "പ്രാണനാഥാ! പ്രതികാരത്തിനുവേണ്ടി സെലീമക്ക് മരിക്കാനറിയാം. അവിടത്തോടൊന്നിച്ചു ഞാനും സ്വർഗ്ഗത്തിലേക്കുണ്ട്. ഇതാ അവിടുന്നാഗ്രഹിച്ച ആ അവസാനചുംബനം." പുഷ്പങ്ങളുടെ പരിശുദ്ധതയിൽ ചന്ദ്രികയുടെ കുളൎമ്മയിൽ, രജനിയുടെ നിശ്ശബ്ദതയിൽ ഉസ്മാൻെറയും സെലീമയുടേയും അധരങ്ങൾ തമ്മിൽ ഒത്തുചേൎന്നു.

# രണ്ടു കന്യകാചിത്രങ്ങൾ.

(കെ. ഗോവിന്ദമേനോൻ. IV. U. C.)

കലകൾ പ്രകൃത്യനുകരണങ്ങളാണെന്നും ആദൎശപരമായ കല്പനാവൈചിത്ര്യമാണു കവിതയിൽ മുഖ്യമായി വേണ്ടതെന്നും 'അരിസ്റ്റോട്ടിൽ' അഭിപ്രായപ്പെടുന്നു. ഭൌതികലോകത്തിൽ ജ്ഞാതങ്ങളായ വസ്തുക്കളെ സൂക്ഷ്മദൃഷ്ട്യാവീക്ഷണം ചെയ്തു അവയിൽ അന്തൎല്ലീനങ്ങളായി കിടക്കുന്ന പ്രകൃതിയുടെ വിശിഷ്ടമായ വിലാസഭംഗിയിൽ ആനന്ദതുന്ദിലനാകുന്ന കവി മനസ്സിൽ അങ്കുരിക്കുന്ന ആശയങ്ങളെ ഭാവനാശക്തിയാൽ പ്രതിപാദിച്ചു നമ്മെ ആദൎശലോകത്തേക്കു ഉയൎത്തുകയാണു ചെയ്യുന്നത്. പ്രകൃതിസൌന്ദൎയ്യാവബോധത്തെ അടിസ്ഥാനപ്പെടുത്തി കവികളെല്ലാവരും കവിതകളെഴുതുന്നതിനാൽ കവിലോകത്തിലെ സൃഷ്ടിവ്യൂഹങ്ങളിൽ ഒരു സാദൃശ്യത്രികതവും ഭാവനകളിലും ആശയങ്ങളിലും വൎണ്ണനകളിലും സാമ്യവും കാണുന്നുണ്ടെങ്കിൽതന്നെ അത്ഭുതപ്പെടുവാനില്ല.

'ഷെല്ലി' എന്ന പ്രസിദ്ധ ആംഗ്ലേയകവി എഴുതിയിട്ടുള്ള 'The Sensitive Plant' 'തൊട്ടാവാടി' എന്ന ഖണ്ഡകാവ്യത്തിലെ രണ്ടാം സൎഗ്ഗത്തിൽ ഒരു ഉദ്യാനത്തേയും അതിലെ സസ്യാവലിയെ കാത്തു രക്ഷി

ച്ചപോരുന്ന ഒരു 'കന്യകയേയും വൎണ്ണിക്കുന്നതു ശ്രീമാൻ കുററിപ്പുറത്തു കേശവൻ നായരവർകളുടെ 'ഗ്രാമീണകന്യക' യിലെ വൎണ്ണനകളോടു സാമ്യമുള്ളതായി കാണുന്നുണ്ട്. ഏതൽസാമ്യങ്ങളെ പരിശോധിക്കുകയാണു ഈ പ്രബന്ധത്തിൻെറ ഉദ്ദേശം.

'ഷെല്ലി' പ്രഥമസൎഗ്ഗത്തിൽ ഉദ്യാനത്തേയും അതിൽ വളരുന്ന സസ്യങ്ങളേയും പരിതസ്ഥിതികളേയും വൎണ്ണിച്ചു കഴിഞ്ഞതിന്നുശേഷം ദ്വിതീയ സൎഗ്ഗത്തിൽ ഉദ്യാനത്തെ പരിരക്ഷിച്ചുവരുന്ന കന്യകയേയും അവളുടെ രക്ഷാകൎത്തൃത്വനിൎവ്വഹണവിധങ്ങളേയും പ്രതിപാദിക്കുന്നു. അതുപോലെ തന്നെ 'ഗ്രാമീണകന്യക' യിലെ ആദ്യഭാഗം പ്രഭാതവേളയിൽ 'ഇരമ്പവും കമ്പവുമൊന്നു മില്ലാതുണൎന്ന നാട്ടിൽപുറ'ത്തേയും അതിൻെറ മനോഹരതയേയും സ്ഥിതിഗതികളേയും വൎണ്ണിച്ചു 'സസ്യാവലീസേചന' കൃത്യനിൎവ്വഹണത്തിന്നുദ്യുക്തയായി 'കുടം ചുമന്നുള്ളൊരു പെൺകിടാവി'നെ ഉദ്യാനത്തിലേക്കു പ്രവേശിപ്പിച്ചു വൎണ്ണിക്കുന്നു.

ഷെല്ലി 'ഉദ്യാനകന്യക'യെ, ബാഹ്യങ്ങളായ അംഗപ്രത്യംഗവൎണ്ണനകളാൽ അവളുടെ രൂപസൌന്ദൎയ്യത്തെ അതിശയോക്തിപരമായ വിധത്തിൽ വൎണ്ണിച്ചു, വായനക്കാരുടെ മുമ്പിൽ ആവിൎഭവിപ്പിക്കുന്നില്ല.

'A Lady, the wonder of her kind,
Whose formwas upborne by a lovely wind
Which, dilating,had moulded her mein and motion
Like a seaflower unfolded beneath the ocean,
Tended the garden from morn to even".

ഇപ്രകാരമുള്ള വൎണ്ണനയിൽ നിന്നു അവളുടെ രൂപസൌന്ദൎയ്യത്തേക്കാളധികം സ്വഭാവ വൈശിഷ്ട്യത്തെപ്പററിയുള്ള ബോധമാണു വായനക്കാരിൽ ജനിപ്പിക്കുന്നതു്.

ഗ്രാമീണകന്യകയിൽ രൂപസൌന്ദൎയ്യത്തെ വൎണ്ണിച്ചു ചിത്രീകരിക്കുന്നില്ലെന്നു പറയുവാൻ നിവൃത്തിയില്ല.

'സുസ്മേരമായ് സ്വേദലവങ്ങൾചിന്നി
ത്തന്വീമുഖം സാധുവിളങ്ങിടുന്നു
കാലത്തുനീൎത്തുള്ളികളങ്ങുമിങ്ങും
ചിന്തുന്നചെന്താമരയെന്നപോലെ.
വ്യാലംബിനീലാളകഭംഗിതിങ്ങു
മത്തയ്യലിൻ ചാരുകവിൾത്തടങ്ങൾ

മിന്നുന്നുകൌമാരമനോഹരങ്ങ
ളാരോഗ്യലക്ഷ്മീമണിദർപ്പണങ്ങൾ.
അഭംഗശൃംഗാരസരസ്സപൃക്ഷ
മീനങ്ങളാം മോഹനലോചനങ്ങൾ
കാണിപ്പതുണ്ടാ ചെറുപെൺകിടാവിൽ
നിർവ്യാജവും ഭവ്യവുമായഭാവം
അഗർഹിതാഹാരവിഹാരജന്യ
മാരോഗ്യസൌഭാഗ്യവിലാസമേന്തി
അകൃത്രിമാഭം രമണീശരീരം
വിലോചനാസേചനകംവിളങ്ങി.

മററുചില മലയാളകാവ്യങ്ങളിൽ നായികമാരെപ്പോലെ കാവ്യസങ്കേതലാങ്കാരവിഭൂഷണങ്ങൾ അണിയിക്കാതെ ഗ്രാമീണകന്യകയെ അവളുടെ 'അകൃത്രിമാഭ'വും രമണീയവുമായ ശരീരസൌന്ദര്യം നിഗീർണ്ണമായ അവളുടെ സ്വഭാവഗുണങ്ങൾ പ്രതിഫലിച്ചു കാണത്തക്ക വിധത്തിലുള്ള ഒരു മനോഹരമുകുരംപോലെ മാത്രമെ വർണ്ണിക്കുന്നുള്ളു.

ഷെല്ലിയുടെ 'ഉദ്യാനകന്യക' സസ്യങ്ങളോടു വളരെ സ്നേഹത്തോടും വാത്സല്യത്തോടും കൂടെയാണു പെരുമാറുന്നതു്. അവളുടെ മൃദുലങ്ങളായ പാദങ്ങളുടെ വിന്യാസംതന്നെ അവളുടെ സ്നേഹവാത്സല്യങ്ങളെ സൂചിപ്പിക്കുമാറു വളരെ ശ്രദ്ധയോടും ലാഘവത്തോടും കൂടിയാണ്.

"Her step seemed to pity the grass it prest
You might hear by the heaving of her breast"
· And wherever her aery footstep trod
Her trailing hair from the grassyrod
Erased its light visage, with shadowy sweep

പ്രത്യുത, ഗ്രാമീണകന്യകയ്ക്കു ഉദ്യാനത്തിലെ സസ്യാവലിയോടുണ്ടായിരുന്ന സ്നേഹവാത്സല്യാദികളെത്രയെന്നു സസ്യങ്ങൾ വിവേകവൈശിഷ്ട്യത്തോടു കൂടിയ മനുഷ്യരെന്നപോലെ അവളോടു പെരുമാറിപ്രത്യക്ഷീകരിക്കുന്നു.

തോട്ടം നനപ്പാനവൾ പോയിടുമ്പോൾ
വഴിക്കുനില്ക്കും ചെറുപിച്ചകങ്ങൾ
മന്ദാനിലാന്ദോളിതശാഖയാലെ
മാനിച്ചുമേന്മേൽ തടവീതദംഗം.

ചെറുബാലികാബാലന്മാർ മാതാവിനെ സ്നേഹത്തോടുകൂടി ആശ്ലേഷിക്കുന്നതുപോലെയാണു സസ്യങ്ങൾ ശാഖകളാകുന്ന പിഞ്ചുകൈകളാൽ അവളുടെ മൃദുലമേനിയെ തടവുന്നതു്. ഹൃദയംഗമമായ സ്നേഹത്തെ സൂചിപ്പിക്കുന്നതു വളരെ ഹൃദ്യമായ വിധത്തിൽ വർണ്ണിച്ചിരിക്കുന്നു.

'ഉദ്യാനകന്യക' നദിയിൽനിന്നു വെള്ളം മുക്കിക്കൊണ്ടുവന്നു സൂര്യോഷ്ണത്താൽ വാടിപ്പോകാറായിരിക്കുന്ന സസ്യങ്ങളെ നനക്കുക, വർഷജലം കെട്ടിനില്ക്കുന്നതു പുഷ്പങ്ങളിൽനിന്നു വാർത്തുകളയുക ചിന്നിച്ചിതറിക്കിടക്കുന്ന ശാഖോപശാഖകളെ കുററിയടിച്ചു കൂട്ടിക്കെട്ടി ഒരുപോലെ വളർത്തുക മുതലായ പരിചര്യകൾ ചെയ്തു സസ്യങ്ങളെ മാതൃനിർവ്വിശേഷം പരിരക്ഷിക്കുന്നു.

"She sprinkled bright water from the stream
On those that were faint with a sunny beam
And out of the cups of heavy flowers
She lifted their heads with her tender hands
And sustained them with rods and osier bands.
If the flowers had been her own infants she
Could never have nursed them more tenderly".

ഗ്രാമീണകന്യകയും ഉദ്യാനകന്യകയെപ്പോലെ കുടത്തിൽ വെള്ളം കോരിക്കൊണ്ടുവന്നു സസ്യങ്ങളെ നനക്കുകയും ചിന്നിച്ചിതറിക്കിടക്കുന്ന ശാഖകളോടുകൂടിയ സസ്യങ്ങളെ കൂട്ടിക്കെട്ടി ഒന്നിച്ചു വളരുമാറാക്കി സഹോദരീനിർവ്വിശേഷം സ്നേഹിക്കുന്നു.

"അങ്ങിങ്ങു ചിന്നിച്ചിതറിക്കിടക്കു
മാപ്പിച്ചകച്ചില്ലകളെത്തദാനീം
ഉടൻകുടം വെച്ചവളൊന്നൊതുക്കി
കനീയസീകൈശികനിർവ്വിശേഷം."

ഇവയ്ക്കുപുറമെ 'ഉദ്യാനകന്യക' സസ്യങ്ങളെ നശിപ്പിക്കുന്ന പ്രാണികളെയും പുഴുക്കളേയും കൊല്ലാതെ പിടിച്ചു കൊട്ടയിലാക്കി കാട്ടിൽ കൊണ്ടുപോയി വിടുന്നു. പുഷ്പങ്ങളെ ഉപദ്രവിക്കാതെ മധുവാസ്വദിക്കുന്ന ഈച്ചകളേയും പാററകളേയും അവൾ ഉദ്യാനത്തിൽനിന്നു ബഹിഷ്കരിക്കാതെ അവളുടെ സഹായികളും സ്നേഹിതകളുമായി കരുതുന്നു. അവളിൽ കാണു

ന്ന ഭൂതദയയും സവ്വസൃഷ്ടികളോടുമുള്ള സ്നേഹവും അന്യാദൃശവും അപാരവുമാകുന്നു.

> "For the poor banished insects, whose intent,
> Although they did ill was innocent."

ഗ്രാമീണകന്യകയാകട്ടെ അവളുടെ ശ്രദ്ധയിലും രക്ഷയിലും വളരുന്ന സസ്യങ്ങളെ തന്റെ പ്രാണസ്നേഹിതകളായി കരുതി അവയുടെ സന്തോഷസന്താപാദികളിൽ ഭാഗഭാക്കാകുന്നു.

> "അച്ഛന്റെ മേൽനോട്ടമൊടൊത്തു തന്റെ
> ശുശ്രൂഷയും പൂണ്ടുകൊരിച്ചവണ്ണം
> ആൺപൂവിട്ടും കമ്പളവള്ളിയെക്ക-
> ണ്ടാനന്ദമുൾക്കൊണ്ടവൾനിന്നുപോയി.
> ആഹ്ലാദവും വേലയുമക്കമാരി
> ക്കേവംവിധം സസ്യലതാവിധാനം
> പൂവിട്ടുകാണുന്നദിനങ്ങളെല്ലാ-
> മേഹരന്റെ ജന്മർക്ഷദിനങ്ങൾതന്നെ.

ഈ പരിചിന്തനം പൂൎണ്ണമാണെന്നഭിമാനിക്കുന്നില്ല. സുഗൃഹീതനാമാക്കളായ രണ്ടു കവികളുടെ ലോകവീക്ഷണം ഏകദേശം ഒരേ പദ്ധതിയിൽ വരാമെന്നുള്ള വസ്തുത വിചാരണീയമായ ഒന്നാണ്.

എല്ലാ പ്രഭാതവേളകളിലും 'വന്ദേമാതര'മെന്ന പഞ്ചാക്ഷരമന്ത്രം ജപിക്കുക. "ഇതാ ഞങ്ങൾക്കു പ്രായശ്ചിത്തം." നിഷ്കളങ്കതയുടെ വിളനിലമായ ആ കാതരനേത്രങ്ങൾ ദീപ്തങ്ങളായി. അവൾ കൃതകൃത്യതയോടെ നിന്നു

ഞാൻ വിനീതഭാവത്തിൽ പറഞ്ഞു. "ഞാൻ ഭവതിയുടെ ഉപദേശപ്രകാരംതന്നെ ചെയ്യാം."

അന്നത്തെ കൂടിക്കാഴ്ച അങ്ങനെ അവസാനിച്ചു. എന്റെ പ്രിയപ്പെട്ട വിദേശീയഭൂഷകളെ കത്തിച്ചു കളഞ്ഞില്ലെങ്കിലും കുറെ ഖദർ വാങ്ങി.

## II

പിറെറ ദിവസം ഖദർകൊണ്ടു ആപാദചൂഡം അണിഞ്ഞിരുന്ന ഞാൻ പുറത്തിറങ്ങിയപ്പോൾ കണ്ടതു് പോലീസ് ഇൻസ്പെക്ടർ മി: ഗുണ്ടറാവുവിനേയാണ്. മൂപ്പക്കു നമ്മുടെ പുതിയവേഷം അത്ര പിടിച്ചില്ല. നെ

ററിയൊന്നു ചുളിച്ചു ഗൗരവത്തോടുകൂടി ചോദിച്ചു. "എന്താ മിസ്റ്റർ നടേശൻ, നിങ്ങളും ആ ഭ്രാന്തൻ ഗാന്ധിയുടെ വലയുടെ കണ്ണികളിൽ കുടുങ്ങിയൊ? നല്ല ആളുകളും ഇങ്ങനെ ചീത്തയായിത്തുടങ്ങിയല്ലൊ." ഞാൻ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. "കാലത്തിനൊത്ത കോലം കെട്ടേണ്ടെ സാർ." "I really feel sorry for you" എന്നു മൂപ്പർ നടകൊണ്ടു.

എനിക്കു തന്നെ സംശയമായി എൻെറ സ്ഥിതി പരിതാപകരമാണോ എന്ന്. ഈ പരുക്കൻ തുണി വലിച്ചുവാരി അണിയുന്നതു പരമസങ്കടംതന്നെ. എന്നാൽ അതുകൊണ്ടു ഒരാൾക്കു സന്തോഷമുണ്ട്. 'ശാരദക്ക്', അതുകൊണ്ടെനിക്കും. ഞാൻ നേരിട്ടു മി: ശങ്കരമേനവൻെറ വീട്ടിലേക്കു പോയി. ദൂരത്തു നിന്നതന്നെ അദ്ദേഹം എന്നെ കണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ മുഖത്തു എന്തെന്നില്ലാത്ത ഒരു സന്തോഷം കളിയാടുന്നു. അദ്ദേഹം നിശ്ചയിച്ചു എൻെറ പരിവർത്തനത്തിനു കാരണം അദ്ദേഹത്തിൻെറ പ്രസംഗമാണെന്ന് അദ്ദേഹം ഉടൻതന്നെ ശാരദയെ വിളിച്ചു. ആ സുന്ദരവിഗ്രഹം ഒരു മന്ദസ്മിതത്താൽ എന്നെ അഭിവാദ്യം ചെയ്തു. സ്നേഹമസൃണമായ ഒരു കടാക്ഷം എനിക്കുതിർത്തു. ഹാ! ഇനി എന്തും വെടരുത്താലും വേണ്ടില്ലെന്നു എനിക്കു തോന്നിപ്പോയി. ആ ആ കടാക്ഷത്തിൻെറ ഒരു ശക്തി!

മി. ശങ്കരമേനവൻ പറഞ്ഞു. "ശാരദേ! മി. നടേശൻ ഒരു രത്നമാണ്. ശരിയായ ശാണോല്ലേഖനമില്ലാത്തതിനാൽ ഇത്രകാലം ശോഭിച്ചില്ല അത്രയേയുള്ളു."

അവൾ സസ്മിതം മറുപടി പറഞ്ഞു. "ഞാൻ അച്ഛനോടു ആദ്യമേ തന്നെ പറയാറില്ലേ. ആരോ ചിലരൊക്കെ അദ്ദേഹത്തെ തെററിദ്ധരിപ്പിച്ചു അത്രയേയുള്ളു. സ്വരാജ്യത്തിന്നുവേണ്ടി എന്തും ചെയ്വാൻ അദ്ദേഹം തയ്യാറാണെന്നു എനിക്കറിയാം."

മി. ശങ്കരമേനവൻെറ കൂടെത്തന്നെ അന്നെനിക്കു പൊടിപൊടിച്ചു ചായ അതും ശാരദയുടെ കൈകൊണ്ടു പാകം ചെയ്തത്. അവളുടെ കയ്യിൽനിന്നു വാങ്ങിക്കുകയും. അഹോ! ഖദറിൻെറ ശക്തി!! ഞാനറിഞ്ഞിരുന്നില്ലേ നിനക്കിത്രയൊക്കെ ശക്തിയുണ്ടെന്ന്.

III

അന്നൊരു പൊതുയോഗമുണ്ടായിരുന്നു. പ്രാസംഗികന്മാർ അനവധി. അദ്ധ്യക്ഷൻ മി. ശങ്കരമേനവൻതന്നെ. ഞാനും അന്നൊരു പ്രസം

ഗം ചെയ്യണമെന്നു ശങ്കരമേനവൻ അഭിപ്രായപ്പെട്ടു. ശാരദ പിന്താങ്ങി. പിന്നെ പറയാനുണ്ടോ! ഞാൻ സമ്മതിക്കുകയും ചെയ്തു.

നാലുമണിക്കാണു യോഗം നിശ്ചയിച്ചിരുന്നത്. നേരത്തെതന്നെ ഒരു വലിയ ജനക്കൂട്ടം മൈതാനത്തിൽ ഹാജരുണ്ടായിരുന്നു. മി. ലോട്ടിലാൽ മിശ്രു ഉത്തരേന്ത്യയിൽനിന്നും എത്തിയിരുന്നു. ഒരു വലിയ രാഷ്ട്രീയപ്രവർത്തകനായ അദ്ദേഹത്തെ ഒരു നോക്കു കാണുവാനും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാനുമായി വളരെ ആളുകൾ നിന്നിരുന്നു. ചുവന്ന തലക്കെട്ടും കൊമ്പർ വീശവും ലാത്തിത്തടികളുമായി അനവധി പോലീസുകാരും സ്ഥലത്തു ഹാജരുണ്ടായിരുന്നു. മി. ശങ്കരമേനവൻ ഉപക്രമപ്രസംഗത്തിൽ ഭാരതത്തിന്റെ ഇന്നത്തെ നാനാമുഖമായ അവശതകളേയും ഭാരതീയരുടെ കടമയേയും ചൂണ്ടിക്കാണിച്ചു. അനന്തരം മി. മിശ്രു പ്രസംഗമണ്ഡപത്തിൽ കയറി ഹർഷസൂചകമായ ഹസ്തതാഡനം മുഴങ്ങി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സദസ്യർ ആകമാനം ഇളകിവശായി. അദ്ദേഹം നിലവിലിരിക്കുന്ന ഭരണയന്ത്രത്തിന്റെ ന്യൂനതകളെപ്പററിയും ബ്രിട്ടീഷ്കാർ ചെയ്യുന്ന അക്രമങ്ങളെപ്പററിയും വിസ്തരിക്കുവാൻ തുടങ്ങി. നേരവും സന്ധ്യയായി. ഇതുതന്നെ തരമെന്നു ഞാനും കരുതി. ഒരു ഉരുളൻകല്ല് കാലെതന്നെ പോക്കററിലിട്ടിട്ടുണ്ടായിരുന്നു. അതെടുത്തു കൊടുത്താൻ ഒരു വീക്ക്. ഭാഗ്യംകൊണ്ടു അതു പോലീസിൻസ്പെക്ടരുടെ മണ്ടക്കുതന്നെകൊണ്ടു. തൊപ്പി തെറിച്ചുപോയി. കോപതീവ്രാക്ഷനായ പോലീസ്മേധാവി ഉടൻതന്നെ ചാർജ്ജുചെയ്യാൻ പോലീസിനു കല്പനകൊടുത്തു. ലാത്തിപ്രഹരം തുടങ്ങി, ലഹളയുടെയിടയിൽ മുന്നിട്ടുനിന്നിരുന്ന എനിക്കു നല്ലപ്രഹരങ്ങൾ കുറെ കിട്ടി. അതു ശങ്കരമേനവനും ശാരദയും കണ്ടു. അതുതന്നെയാണു ഞാനാശിച്ചിരുന്നതും. ഞാൻ സ്ത്രീകൾനില്ക്കുന്ന സ്ഥലത്തേക്കു ഓടിച്ചെന്നു ശാരദയെ എടുത്തു. അവൾ ഒരു മടിയുംകാണിച്ചില്ല. എന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു. ഞാൻ അവിടെനിന്നും ഓടുവാൻ തുടങ്ങി. വഴിക്കു പ്രഹരാദികഷായം കുറെകിട്ടി. എന്നാലെന്താ? എനിക്കെന്തൊരു നിർവൃതിയാണെന്നുണ്ടായതെന്നറിയാമോ?

ശാരദയുടെ വീട്ടിൽ ഞാനും ശാരദയും എത്തിയപ്പോഴേക്കും മി: ശങ്കരമേനവനും അവിടെയെത്തി. അദ്ദേഹം പറഞ്ഞു. മി: നടേശൻ! എന്തൊരു ധൈര്യമാണു നിങ്ങളിന്നു പ്രദർശിപ്പിച്ചത്. നിങ്ങളെപ്പോലെയു

ള്ള പുരുഷരത്നങ്ങൾ വളരെക്കുറച്ചുമാത്രമേ ഭൂമിയിലുള്ളു.” ശാരദ അവളുടെ കൃതജ്ഞതയെ കണ്ണുകൾകൊണ്ടു എന്നെ അറിയിച്ചു. അവളുടെ കവിൾത്തടങ്ങൾ അല്പം ചുവന്നു. പാവം ആ സാധുവിന്നറിയാമോ എന്റെ കപടഹൃദയം ഈ പട്ടിൽ പൊതിഞ്ഞുവച്ചിരിക്കുന്നതു്?

ഉദിച്ചുയൎന്ന ശീതളകിരണൻ എന്നിൽ പ്രേമവികാരത്തെ ഉദ്ദീപിപ്പിച്ചു. ഞാൻ മിസ്റ്റർ ശങ്കരമേനവരോടു പറഞ്ഞു. “എനിക്കു വിവാഹംചെയ്വാൽ കൊള്ളാമെന്നുണ്ടു്. വിരോധമില്ലെങ്കിൽ ശാരദയെ—”

സന്തോഷത്തോടുകൂടി ശങ്കരമേനവൻ മറുപടിപറഞ്ഞു. “ഞാനും അതാണു വിചാരിച്ചതു്. നിങ്ങളെപ്പോലെ യോഗ്യനായ വേറൊരു ഭൎത്താവിനെ ശാരദക്കു കിട്ടില്ല. നിശ്ചയം” ഇത്രയും പറഞ്ഞു അദ്ദേഹം അകത്തേക്കു നടന്നു.

ശാരദ ഒന്നും മിണ്ടിയില്ല. അവളുടെ കവിൾത്തടങ്ങൾ പൂൎവ്വാധികം അരുണവൎണ്ണമായി. കാൽകൊണ്ടു നിലത്തു് ചില പ്രേമ ചിത്രങ്ങൾ വരക്കുവാൻ തുടങ്ങി. “കാമനേ!” ഞാൻ വിമലയോടണഞ്ഞു. ആ പ്രവാളാധരങ്ങൾ പതറി. “പ്രാണനാഥ!” ഞാൻ ആ പവിഴപ്പാളികളിൽ ഒരു ചുംബനമൎപ്പിച്ചു. ചന്ദ്രൻമാത്രം പുഞ്ചിരിയിട്ടു.